(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈപ്പിൻ മണ്ഡലത്തിൽ ഏതൊക്കെ വിഭാഗത്തിൽപ്പെട്ട എത്ര വീടുകൾക്ക് വൈദ്യുതി കണക്ഷൻ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) 39262 വീടുകൾ വൈദ്യുതീകരിച്ചിട്ടുണ്ട്.

(ബി&സി) നിലവിൽ വൈദ്യുതി കണക്ഷന് അപേക്ഷിച്ചിട്ടുള്ള എല്ലാ വീടുകൾക്കും വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്. വൈദ്യുതീകരിക്കാത്ത വീടുകൾ സംബന്ധിച്ച വിവരം ലഭ്യമല്ല.

(ഡി) എസ്.സി./എസ്.റ്റി. വിഭാഗത്തിൽ 93 വൈദ്യുതി കണക്ഷനുകളും ബി.പി.എൽ. വിഭാഗത്തിൽ 87 വൈദ്യുതി കണക്ഷനുകളും ജനറൽ വിഭാഗത്തിൽ 3325 വൈദ്യുതി കണക്ഷനുകളും നൽകിയിട്ടുണ്ട്.

വൈദ്യുതി മോഷണക്കേസ്സുകൾ

38(2026) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-7-2011 മുതൽ 31-5-2015 വരെ എത്ര വൈദ്യുതി മോഷണക്കേസ്സുകൾ ശ്രദ്ധയിൽപ്പെടുകയുണ്ടായി ; പ്രസ്തുത കേസ്സുകളിൽപ്പെട്ടവർക്ക് വൈദ്യുതബോർഡ് എന്തു ശിക്ഷയാണ് നൽകുന്നത് ;

(ബി) 1-7-2011 മുതൽ 31-5-2011 വരെ ശ്രദ്ധയിൽപ്പെട്ടതും കേസ്സെടുത്തതുമായ എല്ലാ കേസ്സുകളിലുമായി ആകെ എത്ര തുക ബോർഡിലേക്ക് മുതൽ കൂട്ടായി എന്ന് വെളിപ്പെടുത്താമോ ;

(സി) വൈദ്യുതി മോഷണം തടയുന്നതിന് മുൻകരുതലായി സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ ;

(ഡി) സ്ഥാപങ്ങൾ, ഭവനങ്ങൾ മറ്റ് അവശ്യ പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ ബോർഡ് ഉദ്യോഗസ്ഥർ പരിശോധന നടത്തിവരുന്നുണ്ടോ ; ഇല്ലെങ്കിൽ ആയതിനുള്ള സംവിധാനം ഉണ്ടാക്കുമോ ; വിശദാംശം നൽകാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2073 വൈദ്യുതി മോഷണക്കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത കേസ്സുകളിൽപ്പെട്ടവരിൽനിന്നും പിഴത്തുക അടച്ചവരെ വൈദ്യുതി നിയമം 2003 അനുശാസിക്കുന്ന പ്രകാരം കോമ്പൗണ്ടിംഗ് ഫീ ഈടാക്കിക്കൊണ്ട് ക്രിമിനൽ നടപടികളിൽനിന്നും ഒഴിവാക്കുകയും പിഴത്തുക ഒടുക്കാൻ വിസമ്മതിച്ചവർക്കെതിരെ ക്രിമിനൽ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 13,80,98,596 രൂപ ബോർഡിലേയ്ക്ക് മുതൽ കൂട്ടാനായി.

(സി) വൈദ്യുതി മോഷണം തടയുന്നതിന് മൻകരുതലായി പത്രമാധ്യമങ്ങളിലൂടെയും ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയും ഉപഭോക്താക്കളെ ബോധവൽക്കരിക്കുന്നതിനുള്ള നടപടികളെടുക്കുന്നുണ്ട്. കൂടാതെ എ.പി.റ്റി.എസ്. സ്ക്വാഡുകൾ രാത്രികാലങ്ങളിലും അവധി ദിവസങ്ങൾ ഉൾപ്പെടെയും നടത്തുന്ന ദൈനംദിന പരിശോധനകൾ വൈദ്യുതി മോഷണത്തിനെതിരെ ഉപഭോക്താക്കളിൽ ഒരു അവബോധം സൃഷ്ടിക്കുന്നതിന് സഹായകമാകുന്നുണ്ട്.

(ഡി) പരിശോധന നടത്തിവരുന്നുണ്ട്.

കടിയങ്ങാട് കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്

39(2027) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പേരാമ്പ്ര മണ്ഡലത്തിലെ കടിയങ്ങാട് കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) പേരാമ്പ്രമണ്ഡലത്തിലെ കടിയങ്ങാട് സെക്ഷൻ ഓഫീസ് ആരംഭിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly